"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയുടെ അണുനശീകരണ, ശുചീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി കൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

G.O.(Rt)No.1695/2020/LSGD തീയതി,തിരുവനന്തപുരം, 20/09/2020

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/7/2020-ലെ 4814/ഡി/2020 /കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**ഉത്തരവ്**

കൊറോണയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിലേക്കായുള്ള അണുനശീകണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയുടെ അണുനശീകരണ, ശുചീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ വഴി നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി നൽകുകയും പ്രസ്തുത പ്രവൃത്തി കുടുബശ്രീ മുഖേന നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രൊപ്പോസലും നിരക്കുകളും അംഗീകരിച്ചുകൊണ്ടും സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയുടെ അണുനശീകരണ, ശുചീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകികൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു. പ്രസ്തുത നിരക്കുകൾ തദ്ദേശ സ്വയംഭരണ അക്രെഡിഷൻ കമ്മറ്റിയുടെ അംഗീകാരത്തോടേയും പ്രൊപ്പോസൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്താതേയും നടപ്പിലാക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങളും നിരക്കുകളും അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ,(ജി&എസ്എസ്എ/ഇ&ആർഎസ്എ) , കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നിരക്കുകളും

1. കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് ആയിരിക്കണം പരിഗണന നൽകേണ്ടത്. ഹരിതകർമ്മസേന അംഗങ്ങളുടെ ഗ്രൂപ്പുകൾ, നിലവിലെ ക്ലീനിംഗ് സർവീസ് ടീമുകൾ എന്നിവയ്ക്കാണ് കൂടുതൽ പരിഗണന നൽകേണ്ടത്.
2. നിലവിലെ ടീം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുതിയ ടീം രൂപീകരിക്കാവുന്നതാണ്.
3. ടീം അംഗങ്ങൾക്ക് ഉണ്ടായിരിക്കേണ്ട പ്രയപരിധി 18-55 വയസ്സായിരിക്കണം.
4. നിലവിൽ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അംഗങ്ങളെ ടീമിലേക്ക് പരിഗണിക്കരുത്.
5. ടീം അംഗങ്ങൾക്ക് കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുള്ള പരിശീലനം ആരോഗ്യ വകുപ്പ് അംഗങ്ങളുടെ (ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെടെ പരിഗണിക്കാം) സാന്നിധ്യത്തിൽ അവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരമാവധി 6 അംഗങ്ങളുള്ള ബാച്ചുകളായി നടപ്പിലാക്കണം.
6. ഓൺ ദി ജോബ് രീതിയിൽ പരിശീലനം നടപ്പിലാക്കുന്നതിന് പ്രഥമ പരിഗണന നൽകണം.
7. ടീം അംഗങ്ങൾക്ക് പ്രവർത്തനവുമായി ബന്ധപ്പെട്ട കോവിഡ് പ്രോട്ടോക്കോൾ ബോധവൽക്കരണം നൽകിയിരിക്കണം.
8. ടീം അംഗങ്ങൾക്ക് പ്രവർത്തനവുമായി ബന്ധപ്പെട്ട കോവിഡ് പ്രോട്ടോക്കോൾ സേഫ്റ്റി ഉപാധികൾ പരിശീലന സമയത്തും, പ്രവർത്തന സമയത്തും ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.
9. പരിശീലനത്തിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട അണുനാശിനികൾ തയ്യാറാക്കി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പ്രവർത്തനശേഷം വ്യക്തി ശുചിത്വവും, ഉപകരണങ്ങളുടെ ശുചീകരണം, ഉപാധികളുടെ ശരിയായ നിർമാർജ്ജന രീതികൾ എന്നിവ നടത്തുന്നതിനുള്ള പരിശീലനം നൽകിയിരിക്കണം.
10. പരിശീലനം നൽകിയ അംഗങ്ങളുടെ വ്യക്തി വിവരങ്ങൾ(രക്ത ഗ്രൂപ്പ്, വയസ്സ്, ബന്ധപ്പെട്ട് കുറഞ്ഞത് രണ്ടു നമ്പറുകൾ, അടുത്ത ബന്ധുവിന്റെ ഫോൺ നമ്പർ, ബ്ലഡ് ഷുഗർ, പ്രഷർ തുടങ്ങി അത്യാവശ്യ വൈറ്റൽസ് എന്നിവ)ശേഖരിക്കുകയും, പരിശീലനത്തിലും പദ്ധതിയിലും പങ്കെടുക്കുന്നതിനുള്ള താൽപ്പര്യം എഴുതി വാങ്ങേണ്ടതുമാണ്. അംഗങ്ങളുടെ വിവരങ്ങൾ, സാക്ഷ്യപത്രം, ആധാർ/തിരിച്ചറിയൽ രേഖകളുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
11. യാത്രയുടെ സാഹചര്യം ഒഴിവാക്കി സേവനം കൂടുതൽ ആവശ്യമുള്ള പ്രദേശത്തെ അംഗങ്ങൾക്കും, പ്രദേശവുമായി കൂടുതൽ സമീപത്തുള്ള അംഗങ്ങൾക്കും പ്രഥമ പരിഗണന നൽകേണ്ടതാണ്. പരിശീലനങ്ങൾ പരമാവധി പ്രാദേശിക തലത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.
12. സേവനത്തിന്റെ ആവശ്യകത കൂടുതലുള്ള സ്ഥലങ്ങൾക്കും, സമീപത്തെ അംഗങ്ങൾക്കുമാണ് ആദ്യഘട്ട പരിശീലനത്തിൽ പ്രഥമ പരിഗണന നൽകേണ്ടത്.
13. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന സംരംഭകരെ കുടുംബശ്രീ സംരംഭ രജിസ്ട്രേഷനു പരിഗണിക്കേണ്ടതും സംരംഭത്തിന് സ്റ്റാർട്ട് അപ്പ് ഫണ്ട് (ആവശ്യകതയുടെ അടിസ്ഥാനത്തിൽ തുക നിശ്ചയിച്ച്, നിലവിലെ പരിധിക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട്) അല്ലെങ്കിൽ കമ്മ്യൂണിററി എന്റർപ്രൈസ് ഫണ്ട് എന്നിവ നൽകുന്നതും പരിഗണിക്കാൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നടപടി സ്വീകരിക്കാവുന്നതാണ്.
14. രൂപീകരിക്കപ്പെട്ട ഗ്രൂപ്പുകൾ വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, വരുമാനം എന്നിവ മോണിറ്റർ ചെയ്യു ദിവസേന റിപ്പോർട്ട് ചെയ്യാൻ ഡിപിഎം(എം.ഇ) വഴി നടപടിയും സ്വീകരിക്കേണ്ടതാണ്.
15. ഗ്രൂപ്പുകൾ അണുനശീകരണ പ്രവർത്തനം തുടങ്ങുന്നതിനു മുൻപു തന്നെ ഏകദേശ എസ്റ്റിമേറ്റ് ഗുണഭോക്താവിന് തയ്യാറാക്കി നല്കികൊണ്ട് പ്രവർത്തനം ആരംഭിക്കുന്നതാണ് അഭികാമ്യം,

പ്രവർത്തനം നടത്തേണ്ട ഏരിയ, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, അതിനായി നല്കേണ്ട തുക, ഗുണഭോക്തൃ ഏജൻസി വഴി ലഭ്യമാക്കേണ്ട സൗകര്യങ്ങൾ (കറന്റ്/വെള്ളം/ തുടങ്ങിയവ) എന്നിവ ഉൾപ്പെടുന്ന ഇൻവോയ്സ്/കരാർ ഉടമ്പടി/ബില്ല് നൽകി ഗുണഭോക്താവിന് കൂടി നൽകേണ്ടതുമാണ്. ഇതിലേക്ക് വേണ്ട പരിശീലനം കൂടി ഉൾപ്പെടുത്താൻ കുടുംബശ്രീയിൽ നിന്നും നടപടി സ്വീകരിക്കണം.

16. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് സേവനഫീസ് അതാതു ഗുണഭോക്താക്കൾ നേരിട്ട് യൂണിറ്റിന് നല്കേണ്ടതാണ്. ഇതിനായി യൂണിറ്റുകൾക്ക് ബിൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കുന്നതും കുടുംബശ്രീ രജിസ്ട്രേഷൻ നമ്പർ നല്കുന്നതുമാണ്.
17. യൂണിറ്റുകൾക്ക് ഓൺലൈൻ പേയ്മെന്റിനായി ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.
18. പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർക്ക് ഫോട്ടോ, പേര്, ഫോൺ നമ്പർ, മേൽവിലാസം, ബ്ലഡ് ഗ്രൂപ്പ് ഉൾക്കൊള്ളുന്ന കുടുംബശ്രീ സംരംഭക ഐഡി കാർഡ് ഉറപ്പാക്കേണ്ടതുമാണ്.
19. പരിശീലനത്തിനായി സാധ്യമായ സർക്കാർ സംവിധാനങ്ങളോ, പരിശീലന ഏജൻസികളെ എംപാനൽ ചെയ്തു കൊണ്ടുള്ള രീതിയോ പരിഗണിക്കേണ്ടതാണ്.

പരിശീലന മൊഡ്യൂൾ : വിവിധ അണുനശീകരണ പ്രവർത്തനങ്ങൾ, ഉപാധികൾ പരിചയപ്പെടുത്തൽ, പ്രവർത്തന രീതി പഠിപ്പിച്ചുകൊടുക്കൽ (തടി, ലോഹം, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫ്ലോർ, വാഹനങ്ങൾ), ഫോഗിംഗ് ശുചീകരണ രീതി, കോവിഡ് പ്രോട്ടോകോൾ ബോധവൽക്കരണം, പ്രവർത്തനവുമായി ബന്ധപ്പെട്ട അണുനാശിനികൾ തയ്യാറാക്കി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പ്രവർത്തന ശേഷം വ്യക്തി ശുചിത്വവും, ഉപകരണങ്ങളുടെ ശുചീകരണം, ഉപാധികളുടെ ശരിയായ നിർമ്മാർജ്ജന രീതികൾ, ഇൻവോയ്സ്/കരാർ ഉടമ്പടി/ബില്ല് തയ്യാറാക്കി നൽകുന്ന വിധം, മാതൃക പൂരിപ്പിക്കുംവിധം, ശുചീകരണ പ്രവത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട പ്രവർത്തനങ്ങൾ, മുൻകരുതലുകൾ, സുരക്ഷിത മാർഗ്ഗങ്ങൾ, ആരോഗ്യ സുരക്ഷ തുടങ്ങിയവ.

**അണുനശീകരണ പ്രവർത്തനങ്ങൾക്കുള്ള നിരക്കുകൾ**

| ക്രമ നം. | സേവനം | സേവന ഫീ സർക്കാർ സ്ഥാപനങ്ങൾക്ക് | സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും |
|---|---|---|---|
| 1 | അണുനാശിനി തളിക്കൽ പ്രക്രിയ ദിവസം ഒരു തവണ<br>(സർക്കാർ സ്ഥാപനങ്ങൾക്ക് കുറഞ്ഞ സേവന ഫീ 1000 സ്ക്വയർ ഫീറ്റ് വരെ 1850 രൂപ ആയിരിക്കും, 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരസ്പര ധാരണപ്രകാരം സേവന ഫീയിൽ ചെറിയ വ്യത്യാസം വരുത്തിയേക്കാം) | സ്ക്വയർ ഫീറ്റിന് 1.85 രൂപ | സ്ക്വയർ ഫീറ്റിന് 2.25 രൂപ |
| 2 | അണുനാശിനി തളിക്കൽ പ്രക്രിയ ദിവസം രണ്ട് തവണ<br>(സർക്കാർ സ്ഥാപനങ്ങൾക്ക് കുറഞ്ഞ സേവന ഫീ 1000 സ്ക്വയർ ഫീറ്റ് വരെ 2450 രൂപ ആയിരിക്കും, 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ വിസ്തൃതിയുടെ | സ്ക്വയർ ഫീറ്റിന് 2.45 രൂപ | സ്ക്വയർ ഫീറ്റിന് 3.00 രൂപ |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ പരസ്പര ധാരണപ്രകാരം സേവന ഫീയിൽ ചെറിയ വ്യത്യാസം വരുത്തിയേക്കാം) | | |
| 3 | തീവ്ര ശുചീകരണവും അണു നാശിനി തളിക്കലും ദിവസം ഒരു തവണ<br>(സർക്കാർ സ്ഥാപനങ്ങൾക്ക് കുറഞ്ഞ സേവന ഫീ 1000 സ്ക്വയർ ഫീറ്റ് വരെ 2950 രൂപ ആയിരിക്കും, 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരസ്പര ധാരണപ്രകാരം സേവന ഫീയിൽ ചെറിയ വ്യത്യാസം വരുത്തിയേക്കാം) | സ്ക്വയർ ഫീറ്റിന് 2.95 രൂപ | സ്ക്വയർ ഫീറ്റിന് 3.45 രൂപ |
| 4 | തീവ്ര ശുചീകരണവും അണു നാശിനി തളിക്കലും ദിവസം രണ്ട് തവണ<br>(സർക്കാർ സ്ഥാപനങ്ങൾക്ക് കുറഞ്ഞ സേവന ഫീ 1000 സ്ക്വയർ ഫീറ്റ് വരെ 3750 രൂപ ആയിരിക്കും, 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരസ്പര ധാരണപ്രകാരം സേവന ഫീയിൽ ചെറിയ വ്യത്യാസം വരുത്തിയേക്കാം) | സ്ക്വയർ ഫീറ്റിന് 3.75 രൂപ | സ്ക്വയർ ഫീറ്റിന് 4.50 രൂപ |
| 5 | തീവ്ര ശുചീകരണവും അണു നാശിനി തളിക്കലും ദിവസം ഒരു തവണ+ അണു നാശിനി തളിക്കൽ പ്രക്രിയ ദിവസം ഒരു തവണ(പരിഗണിക്കാവുന്ന പ്രക്രിയ)<br>(സർക്കാർ സ്ഥാപനങ്ങൾക്ക് കുറഞ്ഞ സേവന ഫീ 1000 സ്ക്വയർ ഫീറ്റ് വരെ 3150 രൂപ ആയിരിക്കും, 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരസ്പര ധാരണപ്രകാരം സേവന ഫീയിൽ ചെറിയ വ്യത്യാസം വരുത്തിയേക്കാം) | സ്ക്വയർ ഫീറ്റിന് 3.15 രൂപ | സ്ക്വയർ ഫീറ്റിന് 3.80 രൂപ |
| 6 | വാഹന അണു വിമുക്തമാക്കൽ പ്രക്രിയ (അണു നാശിനി തളിക്കൽ മാത്രം)<br>കാറുകൾ ജീപ്പുകൾ തുടങ്ങിയവ<br>വാനുകൾ, മിനി ബസുകൾ<br>ബസുകൾ, ട്രക്കുകൾ * | <br><br>450 രൂപ<br>950 രൂപ<br>1200 രൂപ | <br><br>550 രൂപ<br>1200 രൂപ<br>1500 രൂപ |

| | | | |
|---|---|---|---|
| 7 | വാഹന അണു വിമുക്തമാക്കൽ പ്രക്രിയ (ശുചീകരണവും അണു നാശിനി തളിക്കലും)<br>കാറുകൾ ജീപ്പുകൾ തുടങ്ങിയവ<br>വാനുകൾ, മിനി ബസുകൾ<br>ബസുകൾ, ട്രക്കുകൾ * | <br><br>650 രൂപ<br>1200 രൂപ<br>1350 രൂപ | <br><br>850 രൂപ<br>1600 രൂപ<br>2000 രൂപ |

*ഒരേ ഗുണഭോക്താവിന്റെ ഒരേ സ്ഥലത്തും, ഒരേ സമയത്തും ലഭ്യമാക്കുന്ന വാഹന എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരസ്പര ധാരണ പ്രകാരം സേവനഫീസിൽ ചെറിയ വ്യത്യാസം വരുത്തിയേക്കാം.

**ജലസൗകര്യം ഗുണഭോക്താക്കൾ ഉറപ്പാക്കണം.